95 (1313) പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട സ്കൂളുകളിലെ അധ്യാപകരുടെ ഒഴിവുള്ള തസ്തികകൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട എൽ.പി., യു.പി., എച്ച്. എസ്സ്. എന്നീ വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ അദ്ധ്യയനവർഷം പകുതിയായിട്ടും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവിരം ശേഖരിച്ചു വരുന്നു.

96 (1314) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്പെഷ്യൽ റൂൾസ്

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ നിയമനം പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏതുഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് നൽകാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ വി.എച്ച്.എസ്.സി. പാസ്സായവർക്ക് വിവിധ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തൊഴിലുകളിൽ അപ്രന്റീസ്ഷിപ്പ് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകൾക്കും പ്രൊഫഷണൽ കോഴ്സുകൾക്കും വി.എച്ച്.എസ്.സി. പാസ്സായവർക്ക് നിശ്ചിത സീറ്റിൽ സംവരണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കി അംഗീകാരത്തിനു സമർപ്പിക്കുന്ന ഘട്ടമായി.

(ബി) നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ഇപ്പോൾ പോളിടെക്നിക്കുകളിൽ എഞ്ചിനീയറിംഗ് വിഷയങ്ങളിൽ രണ്ടു ശതമാനം സീറ്റ് റിസർവ് ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ യൂണിവേഴ്സിറ്റികളിൽ നടത്തുന്ന തൊഴിലധിഷ്ഠിത ഡിഗ്രി കോഴ്സുകളിലേയ്ക്ക് വി.എച്ച്.എസ്.ഇ. പാസ്സായ കുട്ടികൾക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

97 (1315) സി.എച്ച്.എം. ഹൈസ്കൂൾ സ്റ്റാഫ് ഫിക്സേഷൻ

<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ സി.എച്ച്.എം. ഹൈസ്കൂൾ എളവായൂരിലെ 1998-99 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച അപ്പീൽ പെറ്റീഷൻ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂൾ 1998-99-ൽ നിയമനം ലഭിച്ച രണ്ട് മലയാളം അദ്ധ്യാപകർക്ക് രണ്ടു വർഷമായി ശമ്പളം ലഭിക്കാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള കെ.ഇ.ആർ. അനുസരിച്ച് പ്രസ്തുത സ്കൂളിൽ 1998-99-ൽ എത്ര മലയാളം അദ്ധ്യാപകരുടെ പോസ്റ്റിന് അർഹതയുണ്ട്;

(ഇ) നിയമാനുസൃതമായി അർഹതയുള്ള പോസ്റ്റിലാണ് പ്രസ്തുത അദ്ധ്യാപകരെ നിയമിച്ചതെങ്കിൽ അവരുടെ നിയമനത്തിന് അംഗീകാരം നൽകി അവർക്ക് ശമ്പളം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) 1998-99 വർഷത്തിൽ മറ്റ് ഏതെങ്കിലും ഹൈസ്കൂളുകളിൽ ഇതുപോലെ മലയാളം പോസ്റ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 10.12.99-ലെ സർക്കാർ ഉത്തരവ് നമ്പർ 5373/99/പൊ.വി. പ്രകാരം അപ്പീൽ അപേക്ഷ നിരസിച്ചുത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മലയാള ഭാഷ മാത്രം പഠിക്കുന്ന കുട്ടികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ കെ.ഇ.ആർ. അനുസരിച്ച് മലയാളം അദ്ധ്യാപകരുടെ നാലു പോസ്റ്റിന് അർഹതയുണ്ട്.

(ഇ) നിയമനം നിയമാനുസൃതമല്ല.

(എഫ്) സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly